LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ആ കള്ള കമ്പനിക്കുവേണ്ടി ആദ്യം നിന്നത് ശ്രീ.എം. എ. ബേബിയുടെ ഗവണ്മെന്റാണ്. കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിൽ ഇടതുമുന്നണിയുടെ ഭരണനേട്ടമായിട്ടാണ് അന്നത്തെ എം.എൽ.എ. അതിനെ പിന്തുണയ്ക്കുകയും ചെയ്തു. ഇവിടെ അവിടത്തെ എം.എൽ.എ. ശ്രീ. കെ. ശിവദാസൻ നായർ ഉണ്ട്, അവിടത്തെ എം.പി. ശ്രീ. ആന്റോ ആന്റണിയുണ്ട്. ഈ പാർലമെന്റ് തെരഞ്ഞെടുപ്പിലെ സ്ഥിതി എന്താണെന്ന് കൂടി അങ്ങ് പഠിക്കണം.

ശ്രീ. എം. എ. ബേബി: സർ, ഈ നിയമസഭയിലെ ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും ഭൂരിപക്ഷം എം.എൽ.എ.മാരും വേണ്ട എന്നുപറയുന്ന ഒരു പദ്ധതിയാണ്.

മി. ചെയർമാൻ : പ്ലീസ്..... ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയട്ടെ.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇതിനെക്കുറിച്ച് ഒരു സംശയവുംവേണ്ട, ഗവണ്മെന്റിന്റെ നിലപാട് പരിസ്ഥിതി സൗഹൃദവും നിയമപരവുമായിട്ടാണെങ്കിൽ ആറുവരി വിമാനത്താവളത്തിന്റെ പ്രവർത്തനം നടക്കും. അതിനുള്ള നിയമപരമായ അനുമതി വാങ്ങാനുള്ള ഉത്തരവാദിത്വം ആ കമ്പനിക്കാണ്. അതിനെതിരെ ഗവണ്മെന്റിന് അപ്പീൽ പോകാനോ, കൂട്ടുനിൽക്കാനോ പറ്റില്ല. നിങ്ങളുടെ കാലത്ത് ചെയ്തുപോലെയൊന്നും ചെയ്യില്ല. പക്ഷെ നിയമാനുസൃതമായിവന്നാൽ അതിനെ അനുകൂലിക്കും. അതിന് ജനപിന്തുണയുടെ കാര്യമൊന്നും പറഞ്ഞ് ശ്രീ. എം. എ. ബേബി ഞങ്ങളെ പ്രതിക്കൂട്ടിലാക്കാൻ നോക്കേണ്ട. അവിടത്തെ ജനങ്ങൾ ഈ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എങ്ങനെയാണ് വിധിയെഴുതിയതെന്നുള്ളത് അങ്ങ് പരിശോധിക്കണം.

4. സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതി

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, കൊട്ടാരക്കര മൈലം താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതിയെ സംബന്ധിച്ചാണ് എന്റെ ഈ സബ്മിഷൻ. ആ ബാങ്കിൽ 8 കോടി രൂപയുടെ അഴിമതി നടന്നുവെന്നാണ് പ്രാഥമികമായി കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടത്തിയ എൻക്വയറിയുടെ അടിസ്ഥാനത്തിൽ മനസ്സിലായത്. അതിന്റെയടിസ്ഥാനത്തിൽ എഫ്.ഐ.ആർ. നമ്പർ 913 ആയി കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ ഒരു കേസ്സും രജിസ്റ്റർ ചെയ്തിരിക്കുകയാണ്. വളരെ പാവപ്പെട്ടവരും സാധാരണക്കാരുമായ ആളുകളുടെ 13 കോടി രൂപയുടെ നിക്ഷേപമാണ് അവിടെയുള്ളത്. ഇപ്പോൾ 5 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ ബാങ്കിൽ അവശേഷിക്കുന്നുള്ളൂ എന്നാണ് അന്വേഷണത്തിൽ മനസ്സിലായത്. ഈ നിക്ഷേപകർക്ക് പണം കിട്ടാത്ത ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്. അതിന്റെയടിസ്ഥാനത്തിലുള്ള പരാതിയിന്മേലാണ് വകുപ്പ് 65 പ്രകാരം എൻക്വയറി നടത്തിയതും ആ അന്വേഷണത്തിൽ പരാതിക്കാർ ഉന്നയിച്ച ആക്ഷേപങ്ങൾ ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതും. സാധാരണക്കാരായ ആളുകൾ മക്കളെ വിവാഹം കഴിപ്പിക്കുന്നതിനും ഉന്നത പഠനത്തിനുംവേണ്ടി മാറ്റിവച്ചിരുന്ന തുകയാണ് ഇവിടെ നിക്ഷേപിച്ചത്. പെൻഷനായപ്പോൾ കിട്ടിയ തുക മുഴുവനും ഈ ബാങ്കിലിട്ടവരുമുണ്ട്. ഈ പാവങ്ങൾക്ക് അവർ നിക്ഷേപിച്ച തുക തിരിച്ചുകിട്ടാനുള്ള സംവിധാനമുണ്ടാകണം. ബാങ്കിലിപ്പോൾ, 13 കോടി രൂപയുടെ നിക്ഷേപത്തിൽ 5 കോടി രൂപ മാത്രമേയുള്ളൂ എന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയത്. 8 കോടി രൂപ അപ്രത്യക്ഷമായിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് ഇപ്പോൾ നടക്കുന്ന അന്വേഷണം തൃപ്തികരമല്ല. അതുകൊണ്ട് ഒരു വിജില�ൻസ് അന്വേഷണത്തിന് ഡിപ്പാർട്ടുമെന്റ് നിർദ്ദേശം നൽകണമെന്നുകൂടിയാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകളും സാമ്പത്തിക ദുർവിനിയോഗവും സംബന്ധിച്ചുള്ള പരാതികളിന്മേൽ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വകുപ്പ് 32(1) പ്രകാരം ബാങ്ക് ഭരണസമിതിയെ നീക്കം ചെയ്ത് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിരുന്നു. അന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തിയ ക്രമക്കേടുകൾമൂലം ബാങ്കിനുണ്ടായ നഷ്ടം എത്രയെന്നും ആയതിന് ഉത്തരവാദികൾ ആരൊക്കെയാണെന്നും അവരുടെ വ്യക്തിഗത ബാദ്ധ്യതകൾ എത്രയാണെന്നും തിട്ടപ്പെടുത്തുന്നതിന് വകുപ്പ് 68(1) പ്രകാരം അന്വേഷണം നടത്തുന്നതിന് ഉത്തരവിടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ടിൽ ബാങ്കിൽ വിവിധ കാലയളവുകളിലായി നടന്ന അഴിമതികളും ക്രമക്കേടുകളും സാമ്പത്തിക ദുർവിനിയോഗവുംമൂലം ബാങ്കിന് വൻനഷ്ടം വന്നിട്ടുള്ളതായി കണ്ടെത്തി. ബാങ്കിന്റെ മുൻ സെക്രട്ടറി ശ്രീ. എം. ജി. വിജയകുമാർ, മുൻ പ്രസിഡന്റ് ശ്രീ. ഉണ്ണികൃഷ്ണൻ നായർ, മൈലം ശാഖാ മാനേജർ ശ്രീ. പി. ആർ. വേണുഗോപാൽ എന്നിവർ ആയതിനുത്തരവാദികളാണെന്നും അവരുടെ വ്യക്തിഗത ബാദ്ധ്യതകൾ പലിശ സഹിതം